**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തന ചെലവ് വർദ്ധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാന്റ് അനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാന ലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും ഓപ്പറേറ്റിംഗ് ചെലവിന് മുകളിൽ വരുമാനം എത്തിക്കുന്നതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടികളും സ്വീകരിച്ചു വരുന്നു.<br><br>കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, സ്റ്റുഡൻസ് കൺസഷൻ, മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ളതും എന്നാൽ നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ തുടർന്നുകൊണ്ട് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം |

ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ചില അവസാന ഭാഗങ്ങളിൽ യാത്രക്കാരുണ്ടെങ്കിൽ നഷ്ടം കുറച്ച് യാത്രക്കാർക്കായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ നൽകി ക്രമീകരിക്കുന്നതിനും സാധിച്ചു. കൂടാതെ യാത്രക്കാരില്ലാതെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് സർവീസ് നടത്തുന്നതുമായ വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടി ജനോപകാരപ്രദമായി മാറ്റി വരികയുമാണ്. പരമാവധി ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഇത്തരം എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തുവരുന്നു.

പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം,

ഹോർഡിംങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും, വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടർ ആയ 'ഹില്ലി അക്വ'-യുടെ വിതരണം കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിലും ദീർഘദൂര സർവ്വീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിംഗ് സ്കൂൾ ആരംഭിച്ചത് എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുന്നതിനായി KSRTC-SWIFT ഫണ്ട് ഉപയോഗിച്ച് 10 SuperFast AC Premium ബസ്സുകളിൽ Push Back Seat Air Condition സംവിധാനമുള്ള ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു. തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 115 ഇലക്ട്രിക് ബസുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിൽ രജിസ്റ്റർ ചെയ്തു സർവ്വീസ് നടത്തി വരുന്നു.

റീജിയണൽ / സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിനായി പ്രസ്തുത വർക്ക്ഷോപ്പുകളിൽ മോഡണൈസേഷൻ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

ബ്രേക്ക്ഡൗൺ ആകുന്ന ബസുകൾ കാലതാമസം കൂടാതെ ബ്രേക്ക്ഡൗൺ സ്ഥലത്തെത്തി തകരാറുകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് Mini Mobile Service Van 10 എണ്ണം വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസുകളും, ടയർ, മറ്റ് സ്ക്രാപ്പ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്ത് വില്ക്കുന്നു.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ

പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും കൂടാതെ വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണ കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോഴിക്കോട്, മൂന്നാർ എന്നീ ബസ്സ് ഡിപ്പോകളിലും 14 യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചു നിരീക്ഷിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. എല്ലാ ഡിപ്പോകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു:

1. <u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കി കഴിഞ്ഞു.

ടി സംവിധാനം നടപ്പിലാക്കുന്നതു വഴി കേരളത്തിൽ ഉടനീളമുള്ള റെന്റ് സംബന്ധമായ പണം ഇടപാടുകൾ കൃത്യമായി അറിയുവാൻ സാധിക്കും.

2. <u>കൊറിയർ സംവിധാനം</u>

കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും.

നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

3. <u>സ്മാർട്ട് ട്രാവൽ കാർഡ്</u>

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി. റേഡിയോ ഫ്രിക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി.) സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്.

ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും.

യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും.

4. <u>ഗൂഗിൾ ട്രാൻസിറ്റ്</u>

കെ.എസ്.ആർ.ടി.സി.യുടെ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ്, ബൈപ്പാസ് റൈഡറുകൾ പൂർണമായും ഗൂഗിൾ മാപ്പിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

സൂപ്പർഫാസ്റ്റിന് മുകളിലേക്കുള്ള എല്ലാ സൂപ്പർ ക്ലാസ്സ് സർവീസുകളും ഗൂഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

5. <u>സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം</u>

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

ഇ-ഓഫീസ് നടപ്പിലാക്കിയതുമൂലം സ്റ്റേഷനറി ചെലവ് കുറയ്ക്കാൻ കഴിഞ്ഞു.

6. <u>ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം</u>

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

പ്രിവന്റീവ് / റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസുകളും ആയി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിന് കീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർ പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്.

ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈൻ ആയി തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

7. <u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊലൂഷൻ</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

8. <u>ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ</u>

ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാ നിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും

ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് തെറ്റായ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.

തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.യുമായി പങ്കിടുകയും അതുവഴി വരുമാന ചോർച്ച തടയാൻ സാധിക്കുന്നതുമാണ്.

9. ഓൺലൈൻ കൺസഷൻ സംവിധാനം

"www.concessionksrtc.com" എന്ന വെബ് സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻ വഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇടനിലക്കാർ ഇല്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസുകളിൽ പരസ്യം പതിച്ചു വരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും, എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസുകളിലും വ്യാപിപ്പിക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണവും അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി Restaurant തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ബസുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശത്തോടു കൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| | | | ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;<br><br>ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.<br><br>IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br><br>"കെ.എസ് ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാൻ പുതിയ പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br><br>1. <u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u><br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഫണ്ടുപയോഗിച്ച് 10 സൂപ്പർ ഫാസ്റ്റ് എ.സി. പ്രീമിയം ബസുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇത് യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാനുഭവം നൽകും.<br><br>2. <u>ഡെസ്റ്റിനേഷൻ നമ്പറിംഗ്</u> |

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമ (ഡെസ്റ്റിനേഷൻ) നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കുവാൻ കഴിയുന്ന വിധം ഡെസ്റ്റിനേഷൻ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. <u>നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ</u>

വലിപ്പം കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനോട് കൂടിയ പുതിയ 40 സീറ്റർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നിലവിൽ യാത്രക്കാർ കുറവുള്ളതും എന്നാൽ ഡിമാന്റ് ഉള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓടുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്ക് പകരം നൽകി ചെലവ് ചുരുക്കി നഷ്ടം കുറക്കുന്നതിനാണ് പദ്ധതി. ടേക്ക് ഓവർ റൂട്ടുകളിൽ നിലവിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കാലപഴക്കം ചെന്ന ഏതാണ്ട് 200 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ഇത്തരത്തിൽ ചെലവ് കുറച്ച് ജനോപകാരപ്രദമായ വിധം ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഫണ്ട് ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

4. <u>യുണീക്ക് ഷെഡ്യൂൾ നമ്പർ</u>

കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി.യുടെ ഓരോ ഷെഡ്യൂളുകൾക്കും പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യുണീക്ക് ഷെഡ്യൂൾ നമ്പർ" നൽകുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റ പ്രോസസിംഗ്, വിവരം ശേഖരണം എന്നിവ കുറ്റമറ്റതാക്കുന്നതിനും കഴിയും. എല്ലാ യൂണിറ്റുകളിലും യുണീക്ക് ഷെഡ്യൂൾ നമ്പർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഇത് കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂൾ ട്രിപ്പ് വൈസ് കളക്ഷൻ വിവരങ്ങൾ പരിശോധിച്ച് ക്രമീകരിക്കുവാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുവാനും സഹായിക്കും.

5. <u>നോൺ എ.സി. ഓർഡിനറി ബസ്</u>

കോർപ്പറേഷന്റെ നിലവിലുള്ള വലിയ ബസ്സുകൾ ഉപയോഗിച്ച് സർവീസ് നടത്താൻ സാധിക്കാത്ത റൂട്ടുകളിലേയ്ക്കും നിലവിൽ വലിയ ബസ്സുകൾ ഉപയോഗിച്ച് യാത്രക്കാർ താരതമ്യേന കുറഞ്ഞതും സാമൂഹ്യ പ്രതിബദ്ധതയിൽ ഓപ്പറേറ്റ് ചെയ്ത് വരുന്നതുമായ "D Pool" സർവീസുകളുടെ ചെലവ് ചുരുക്കി ഓപ്പറേറ്റ് ചെയ്യുന്നതിന് 28-34 സീറ്റുകളുള്ള ബസ്സുകൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി ട്രയൽ റൺ നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ചെലവ് കുറഞ്ഞ ബസ്സുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും, വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടർ ആയ 'ഹില്ലി അക്വ'-

യുടെ വിതരണം കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിലും ദീർഘദൂര സർവ്വീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിംഗ് ലൈസൻസുകൾ നൽകി അപകട രഹിത ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടുത്തുന്നതിനും, ഡ്രൈവർമാരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ കൂടി ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

ഡ്രൈവിംഗ് പരിശീലിക്കുന്ന വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിംഗ് സ്കൂളുകളിൽ സജ്ജമാക്കി വരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടേയും പ്രവർത്തന രീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും നൽകി വരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തതിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തീയാക്കി ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കു മാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനം എടുത്ത് തുടർ നടപടി സ്വീകരിച്ച് വരുന്നു.

ബ്രേക്ക്ഡൗൺ ആകുന്ന ബസുകൾ കാലതാമസം കൂടാതെ ബ്രേക്ക്ഡൗൺ സ്ഥലത്തെത്തി തകരാറുകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് Mini Mobile Service Van 10 എണ്ണം വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

1. <u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

2. <u>സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം</u>

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

3. <u>ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം.</u>

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ്

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.<br><br>പ്രിവന്റീവ് / റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസുകളും ആയി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിന് കീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.<br><br>മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.<br><br>ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർ പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്.<br><br>ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈൻ ആയി തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ